ഉത്തരം

(എ) ആയുർവേദവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഒരു പേറ്റന്റ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ സാമ്പിൾ സർവ്വേ അനുസരിച്ചുള്ള ദാരിദ്ര്യ നിരക്ക്

18 [3390] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ കമ്മീഷന്റെ ദേശീയ സാമ്പിൾ സർവ്വേ അനുസരിച്ചുള്ള ദാരിദ്ര്യനിരക്ക് സംസ്ഥാനങ്ങൾ അംഗീകരിക്കണമെന്നു നിർദ്ദേശമുണ്ടോ; എങ്കിൽ ഈ നിർദ്ദേശത്തെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെ എത്രപേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്രപേർക്ക് വിവിധ പദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന ആവശ്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടന്ന കേന്ദ്ര സർവ്വെയുടെയും സംസ്ഥാന സർവ്വെയുടേയും വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആസൂത്രണ കമ്മീഷന്റെ ദേശീയ സാമ്പിൾ സർവ്വെ അനുസരിച്ചുള്ള ദാരിദ്ര്യ നിരക്ക് സംസ്ഥാനങ്ങൾ അംഗീകരിക്കണമെന്ന നിർദ്ദേശമില്ല. എന്നാൽ, പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യ രേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ടവരുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999–2000–ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by the Planning Commission) ഇതിൽ ഏതാണോ കൂടുതൽ അതിൽകൂടുതൽ ആകാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly